MONDAY 02.10.2023 തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## Farm Information Bureau

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-02/10/2023.

1. എറണാകുളം ജില്ലയിലെ ഒക്കൽ സംസ്ഥാന വിത്ത് ഉൽപാദന കേന്ദ്രത്തിൽ അത്യുൽപാദനശേഷിയുള്ള മേൽത്തരം തെങ്ങിൻ തൈകൾ ഫാമിനോട് ചേർന്നുള്ള സെയിൽസ് സെന്ററിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ **0484 2464941, 9495246121**

2. സെറികൾച്ചർ, തേൻ സംസ്കരണം, ബയോഗ്യാസ് പ്ലാന്റ്, ഫാം വേസ്റ്റ് മാനേജ്മെന്റ്, പ്ലാന്റ് ക്വാറന്റീൻ തുടങ്ങിയ പുതിയ ഘടകങ്ങൾക്കു കൂടി അഗ്രികൾച്ചർ ഇൻഫ്രക്ചർ ഫണ്ടിലൂടെ (AIF) ഈ സാമ്പത്തിക വർഷം സഹായം നൽകും. തേനീച്ച വളർത്തൽ, തേൻ ശേഖരണം, സംസ്കരണം എന്നിവയ്ക്ക് ഉപകരണങ്ങൾ ഉൾപ്പെടെ വാങ്ങി യൂണിറ്റ് സ്ഥാപിക്കുന്നതിനാണ് സഹായം. കൃഷിയിട അവശിഷ്ടങ്ങൾ സംസ്കരിക്കുന്ന യൂണിറ്റുകൾക്കും ബയോഗ്യാസ് പ്ലാന്റുകൾക്കും അടിസ്ഥാന സൗകര്യമൊരുക്കാനും സഹായമുണ്ട്. കൂൺകൃഷി, വെർട്ടിക്കൽ ഫാമിംഗ്, ഏറോപോണിക്സ് ,ഹൈഡ്രോപോണിക്സ്, പോളിഹൗസ്, ഗ്രീൻഹൗസ് തുടങ്ങി മുപ്പതോളം ഘടകങ്ങൾക്കും സഹായം നൽകുന്നുണ്ട്. കൂടുതൽ വിവരങ്ങൾക്ക് കൃഷിഭവൻ തലത്തിലോ എ ഐ എഫ് മേഖല കോഡിനേറ്റർമാരുമായോ ബന്ധപ്പെടുക.. **തിരുവനന്തപുരം 8921540233, 9020060507 കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം 6235277042, ഇടുക്കി, എറണാകുളം 9048843776, തൃശ്ശൂർ, പാലക്കാട്, മലപ്പുറം 8075480273, വയനാട് കോഴിക്കോട് 8921785327, കണ്ണൂർ, കാസർഗോഡ് 7907118539**

3. തിരുവനന്തപുരം പാളയത്തെ സിറ്റി കോർപ്പറേഷൻ കൃഷി ഭവനിൽ WCT ഇനത്തിൽപ്പെട്ട തെങ്ങിൻ തൈകൾ 50 രൂപ നിരക്കിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് കൃഷി ഭവനുമായി **6282904245** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. തിരുവനന്തപുരം കുടപ്പനക്കുന്ന് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ കോഴിവളം കിലോയ്ക്ക് 3 രൂപ നിരക്കിൽ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 3:00 മണി വരെ വിൽപ്പനയ്ക്ക് ലഭ്യമാണ്. ആവശ്യമുള്ളവർ പ്രവർത്തി ദിവസങ്ങളിൽ 0471 2730804 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണെന്ന് കുടപ്പനക്കുന്ന് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രം അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. 2022 വർഷത്തെ ജൈവവൈവിധ്യ സംരക്ഷണ പുരസ്കാരങ്ങൾക്ക് അപേക്ഷ ക്ഷണിച്ചു. കാവ്, പുഴ, തോട്, കണ്ടൽ എന്നിവ സംരക്ഷിക്കുന്നവർക്കുള്ള ഹരിത വ്യക്തി അവാർഡ്, മികച്ച സംരക്ഷക കർഷകൻ, മികച്ച കാവ് സംരക്ഷണം മികച്ച ജൈവവൈവിധ്യ പരിപാലന സമിതി ജൈവവൈവിധ്യ സ്കൂൾ കോളേജ് സംരക്ഷണ സ്ഥാപനം എന്നിവയ്ക്കാണ് അവാർഡ്. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ഒക്ടോബർ 10. കൂടുതൽ വിവരങ്ങൾക്ക് **0471 2724740** എന്ന ഫോൺ നമ്പരിലോ വെബ്സൈറ്റ് www.keralabiodiversity.org എന്ന വെബ്സൈറ്റ് വിലാസത്തിലോ ബന്ധപ്പെടുക.

6. സംസ്ഥാന ഫിഷറീസ് വകുപ്പ് ആവിഷ്ക്കരിച്ച് കേരള വികസന ഏജൻസി (ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ, കേരള -അഡാക്ക്) വഴി നടപ്പിലാക്കുന്ന "വന്നാമി ചെമ്മീൻ കൃഷി വികസന പദ്ധതിയുടെ 2023 24 സാമ്പത്തീക വർഷത്തെയ്ക്കുള്ള ധന സഹായത്തിനായുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. കൊല്ലം ജില്ലയിൽ നിലവിൽ സ്വന്തം നിലയ്ക്കോ പാട്ടത്തിനെടുത്തോ മറ്റ് ചെമ്മീൻ കൃഷി ചെയ്യുന്നവർക്കും പുതുതായി കൃഷി സ്ഥലം വികസിപ്പിക്കുവാനായി സാഹചര്യം ഉള്ളവർക്കും നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷാ ഫോറങ്ങൾ അഡാക്കിന്റെ നീ്കരയിലുള്ള ദക്ഷിണ മേഖലാ റീജിയണൽ എക്സിക്യൂട്ടീവിന്റെ ആഫീസിൽ നിന്നും പ്രവർത്തി സമയങ്ങളിൽ നേരിട്ട് വാങ്ങാവുന്നതാണ്. പൂരിപ്പിച്ച അപേക്ഷകൾ ബന്ധപ്പെട്ട രേഖകൾ ഉള്ളടക്കം ചെയ്ത് സമർപ്പിക്കേ് അവസാന തീയതി 05/10/2029 ആണ്. കൂടുതൽ വിവരങ്ങൾക്കായി റീജിയണൽ എക്സിക്കുട്ടീവ്, ദക്ഷിണ മേഖല, അഡാക്ക്, ഫിഷറീസ് കോംപ്ലക്സ്, നീണ്ടകര പി.ഒ., കൊല്ലം - 691582 എന്ന വിലാസത്തിൽ നേരിട്ടോ 7907047852 എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക.

### പരിശീലന പരിപാടി

7. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) "Plant Propagation and Nursery Management" എന്ന ഓൺലൈൻ പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. ഇംഗ്ലീഷ് ഭാഷയാണ് പഠന മാദ്ധ്യമം. താല്പര്യമുള്ളവർ www.celkau.in എന്ന വെബ്സൈറ്റിലെ 'ഓൺലൈൻ കോഴ്സ്' എന്ന ലിങ്കിൽ നിന്നും രജിസ്ട്രേഷൻ ഫോറം പൂരിപ്പിച്ചു submit ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി 2023

ഒക്ടോബർ 3. കോഴ്സ് ആരംഭിക്കുന്നത് 2023 ഒക്ടോബർ 4. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0487 2370051.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം